ഡോക്ടർ എ. ആർ. മേനോൻ:

(എ) വി വി. ചുമ്മാർ.

(ബി) Typist clerk, Teacher ഈ ജോലികളെല്ലാം ചെയ്തിരുന്നു.

(സി) അതെ, Typist clerk ആയിട്ട്.

(ഡി) അല്ല, Typist clerk ആയിട്ട്.

(ഇ) സ്കൂൾഫൈനൽ, മദ്രാസ് ഗവൺമെൻറ് ടൈപ്പറൈറിംഗ് ലോവർ ഗ്രേഡ്.

(എഫ്) ഇല്ല.

(ജി) മേൽ (എഫ്) ചോദ്യത്തിൻെറ ഉത്തരംകൊണ്ട് മറുപടി ആവശ്യമില്ല.

(എച്ച്) ഇല്ല.

(ഐ) ഇല്ല.

(ജെ) ഇല്ല. പക്ഷെ ആപ്പീസ്സിൽ ക്ലാർക്കായി ജോലി ചെയ്യാൻ കുറെക്കൂടി പരിചയമുള്ള ഒരാൾ വേണമെന്നു ആപ്പീസ്സർ ആവശ്യപ്പെട്ടതനുസരിച്ച് മിസ്റ്റർ ചുമ്മാരെ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെൻറിലേക്ക് തിരിച്ചയച്ചു. അതിനു പകരം കൃഷി ഡയറക്ടർ ആപ്പീസ്സിൽനിന്നു ഒരു ക്ലാർക്കിനെ സെൻറിൽ ജോലി നോക്കുവാൻ ഒരു കൊല്ലത്തേക്കു നിയമിച്ചിരിക്കുന്നു.

RURAL DEVELOPMENT—PARTICULARS REGARDING

456. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെപറയുന്ന ചോദ്യങ്ങൾക്കു ഗവൺമെൻറ് സഭയെ മറുപടി പറയുമോ.—

(എ) ഫറൂഖ് തുലാം സ 0 -ാംനു- വരെ കൊച്ചീരാജ്യത്തു് ആകെ എത്ര ഗ്രാമോദ്ധാരണ സംഘങ്ങൾ സ്ഥാപിച്ചിട്ടുണ്ട്;

(ബി) അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതു് എത്ര; രജിസ്റ്റർ ചെയ്യാത്തതു് എത്ര;

(സി) ഓരോ സംഘവും ഏതേതു സ്ഥലങ്ങളിലാണു് സ്ഥാപിച്ചിട്ടുള്ളതു്;

(ഡി) ഈ സംഘങ്ങൾ ഓരോന്നിനും ഗവൺമെൻറിൽനിന്നു ഗ്രാൻറായോ, കടമായോ, പ്രോത്സാഹനധനമായോ എത്ര സംഖ്യ വീതം കൊടുത്തിട്ടുണ്ട്; അല്ലെങ്കിൽ കൊടുക്കുവാൻ അനുവദിച്ചിട്ടുണ്ടു്; (ഇന്ന വകയായിട്ടാണു് കൊടുത്തതെന്നു വിശദമായി കാണിക്കണം).

(ഇ) ബഡ്ജറ്റിൽ ഏതിനത്തിൽ നിന്നാണു് ഈ സംഖ്യകൾ എടുത്തിട്ടുള്ളതും എടുക്കുവാനുദ്ദേശിക്കുന്നതും;

(എഫ്) ഈ സംഘങ്ങൾക്കു വേണ്ട ഉപദേശങ്ങൾ കൊടുക്കുന്നതിനും മറ്റുമായി ഫാ കു അലവൻസു് കൊടുത്തു് ഡൈഡ്സു്

LIBRARY ARCHIVES Kerala Legislative Assembly

എന്ന പേരിലോ മറേറാ കൂറെ ആളുകളെ നിയമിക്കുവാൻ ഉദ്ദേശിച്ചിട്ടില്ലേ;

(ജി) അവക്കുണ്ടായിരിക്കേണ്ട യോഗ്യതകൾ എന്തെല്ലാം;

(എച്ച്) ഇപ്പോൾ നിയമിക്കുവാൻ തീച്ചപ്പെടുത്തിയിരിക്കുന്നതു് എത്രപേരെയാണെന്നും അതു് ആരൊക്കെയാണെന്നും ഓരോരുത്തരുടേയും പരീക്ഷായോഗ്യതകൾ എന്തെല്ലാമെന്നും പറയാമോ?

ഡോക്ടർ എ. ആർ. മേനോൻ:

(എ) നൽ.

(ബി) രജിസ്റ്റർ ചെയ്തതു് ഏഴു. രജിസ്റ്റർ ചെയ്യാത്തതു് ഒമ്പതു.

(സി) ലിസ്റ്റു് അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഏഴു-ാം അനുബന്ധം നോക്കുക)

(ഡി)

ഏഴാമത്തെ-ൽ

നമ്പർ	സംഘം	കടം	ഗ്രാൻറു്	റിമാർക്സ്
		രൂ.	രൂ.	
ക	അനിലപുരം	ഏ൪൦	....	എല്ലാം കൊടുത്തുതീർത്തു
ഖ	കരുപ്പടന്ന	നാ൦൦	....	
ഗ	മുളങ്കുന്നത്തുകാവു്	ഏ൪൦	ഖ൦൦	
ഘ	മുള്ളൂരുത്തി	ഏ൪൦	....	
ങ	പള്ളൂരുത്തി	ഏ൪൦	൪൦	
ച	മരത്താക്കര	....	ഏ൦൦	
ഛ	എട്ടുമന കർഷക സംഘം	....	൪൦	

ഏഴാമതിൽ-ൽ

ക	കരുപ്പടന്ന	....	ഖ൦൦	അനുവദിച്ചു
ഖ	നടത്തറ	....	നാ൦൦	കൊടുത്തിട്ടില്ല

(ഇ) ഗ്രാമോദ്ധാരണത്തിനു് പ്രത്യേക സഹായധനം എന്ന ഇനത്തിൽ നിന്നു.

(എഫ്) ഇല്ല.

(ജി), (എച്ച്) (എഫ്) നമ്പർ ചോദ്യോത്തരം കൊണ്ടു് മറുപടി ആവശ്യമില്ല.

PUDUKULAM TANK—PARTICULARS REGARDING

457. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഗവൺമെൻറു് സഭയെ മറുപടി പറയുമോ:—

(എ) വലിയപറമ്പിൽ നിന്നും കൊവൈന്തപള്ളി റോഡിൽ ചെന്നവസാനിക്കുന്ന കുരുവിലശ്ശേരി റോഡിൻറെ ഏകദേശം മദ്ധ്യത്തിൽ വഴിക്കു തൊട്ടു പടിഞ്ഞാറുഭാഗത്തായി കിടക്കുന്ന "പുതുക്കുളം" പഞ്ചായത്തു ഡിപ്പാർട്ടുമെൻറിൽ നിന്നു് പൊതുജനോപയോഗപ്രദമാക്കി കൊടുപ്പാൻ കുരുവിലശ്ശേരി, വടമ, മാള, ആലത്തൂർ എന്നീ വില്ലേജു് നി

LIBRARY ARCHIVES Kerala Legislative Assembly